## സ്വാശ്രയ കോളേജിൽ അദ്ധ്യയനം നടത്തുന്നയാൾക്ക് സർക്കാർ കോളേജിലേക്ക് മാറാനാവില്ല

### കേരള ഹൈക്കോടതി

W.P. (C) No. 228/2020 Dt. 15.1.2021

നീതു കൃഷ്ണ
x
ഗവൺമെന്റ് ലോ കോളേജ്

2018-ലെ പഞ്ചവത്സര നിയമ ബിരുദ പ്രവേശന പരീക്ഷയിൽ 563-ാം സ്ഥാനം ലഭിച്ച വിദ്യാർത്ഥിനിയാണ് ഹർജിക്കാരി. സർക്കാർ കോളേജിൽ ആ വർഷം പ്രവേശനം ലഭിച്ച അവസാനത്തെ വിദ്യാർത്ഥിയുടെ സ്ഥാനം 264 ആയിരുന്നു. സ്വാഭാവികമായും ഹർജിക്കാരിക്ക് മറ്റു കോളേജുകളെ ശരണം പ്രാപിക്കേണ്ടിവന്നു. അങ്ങനെ തന്റെ വീട്ടിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള 'ഭവൻസ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ഏന്റ് റിസർച്ച്' എന്നു പേരുള്ള സ്വാശ്രയ ലോ കോളേജിൽ വൻ തുക ഫീസ് നല്കി അദ്ധ്യയനം നടത്താൻ ഹർജിക്കാരി നിർബ്ബന്ധിതയായി. അപ്രകാരം അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കെ രണ്ടര വർഷം കഴിഞ്ഞപ്പോൾ ഹർജിക്കാരിയുടെ വീടിനടുത്തുള്ള സർക്കാർ കോളേജിൽ സീറ്റ് ഒഴിവുണ്ടായി. ഇതറിഞ്ഞ ഹർജിക്കാരി സ്വാശ്രയ കോളേജിൽ നിന്ന് സർക്കാർ കോളേജിലേക്ക് മാറാൻ ആഗ്രഹിച്ചു. ഈ ആവശ്യമുന്നയിച്ചാണ് ഹർജിക്കാരി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചത്. യാത്രാക്ലേശവും സമീപത്തുള്ള കോളേജിൽ സീറ്റിന്റെ ലഭ്യതയും ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരി പ്രസ്തുത ആവശ്യം ഉന്നയിച്ചത്. ഹർജിക്കാരിയുടെ ആവശ്യം അനുവദിക്കാനാവില്ലെന്ന് യൂണിവേഴ്സിറ്റിയും കോളേജും ഹൈക്കോടതിയെ ധരിപ്പിച്ചു. സദൃശ്യ തരത്തിലുള്ള കോളേജുകളിലേക്ക് മാത്രമേ മാറ്റം അനുവദനീയമായിട്ടുള്ളൂവെന്ന് യൂണിവേഴ്സിറ്റി വാദിച്ചു. സ്വാശ്രയ കോളേജും സർക്കാർ കോളേജും തമ്മിൽ അജഗജാന്തരമുണ്ടെന്നും പ്രവേശന പരീക്ഷയിൽ വളരെ താഴ്ന്ന സ്ഥാനം ലഭിച്ച വിദ്യാർത്ഥിനി കുറുക്കുവഴിയിലൂടെ ഉയർന്ന റാങ്കുകാരെ മറികടക്കുന്നത് അന്യായമാണെന്നും യൂണിവേഴ്സിറ്റി ചൂണ്ടിക്കാട്ടി. സ്വാശ്രയ കോളേജിലെ വിദ്യാർത്ഥിനിക്ക് സർക്കാർ കോളേജിലേക്ക് മാറാൻ അനുവാദം നല്കിയാൽ പ്രവേശന പരീക്ഷ തന്നെ അപ്രസക്തമാകുമെന്നും യൂണിവേഴ്സിറ്റി വാദിച്ചു. യൂണിവേഴ്സിറ്റിയുടെ വാദങ്ങൾ അംഗീകരിച്ച ഹൈക്കോടതി വിദ്യാർത്ഥിനിയുടെ റിട്ട് ഹർജി അനുവദിക്കാനാവില്ലെന്ന് വ്യക്തമാക്കി. എന്നിരുന്നാലും യൂണിവേഴ്സിറ്റിക്ക് യുക്തമായ ഏതു തീരുമാനവും സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്ന് ഹൈക്കോടതി സൂചിപ്പിച്ചു.